"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - രജിസ്ട്രേഷൻ - **ഓപ്പറേഷൻ പഞ്ചികിരൺ-2** - എറണാകുളം ജില്ലയിലെ അങ്കമാലി സബ് രജിസ്ട്രാരാഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - ഹെഡ് ക്ലർക്ക് ശ്രീ.പ്രശാന്ത്.ആർ, ക്ലർക്ക് ശ്രീ.ഗിബ്സൺ ലൂയിസ് എന്നിവർക്കെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.484/2024/TAXES തീയതി, തിരുവനന്തപുരം, 09-06-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16/03/2023-ലെ ഇ9-(എസ് സി-50/2022/സി ആർ ഇ) 4619/2023/ഡിവിഎസിബി നമ്പർ കത്ത്.
2. ശ്രീ.പ്രശാന്ത്.ആർ, ശ്രീ.ഗിബ്സൺ ലൂയിസ് എന്നിവർക്ക് നൽകിയ 03/10/2023-ലെ ഇ1/153/2023-നികുതി നമ്പർ കുറ്റപത്രം.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 26/03/2024-ലെ ഐജിആർ/5045/2023-ഇ9 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരളത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നത് കണ്ടെത്തുന്നതിനായി **ഓപ്പറേഷൻ പഞ്ചികിരൺ**-2 എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അങ്കമാലി സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മദ്ധ്യമേഖല എറണാകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ 15/12/2022-ന് നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയതായി പരാമർശം (1) പ്രകാരം വിജിലൻസ് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

*i. ശ്രീ. പ്രശാന്ത് ആർ. (ഹെഡ് ക്ലർക്ക്)-ന്റെ പേഴ്സും, ടിയാൻ ഉപയോഗിക്കുന്ന ഡ്രോയറും പരിശോധിച്ചതിൽ 5,580/- (അയ്യായിരത്തി അഞ്ഞൂറ്റി എൺപത്) രൂപ ഉണ്ടായിരുന്നു. എന്നാൽ 2,670/- രൂപയാണ് രജിസ്റ്ററിൽ ഡിക്ലയർ ചെയ്തിരുന്നത്. അധികമായി ടിയാന്റെ പക്കൽ കാണപ്പെട്ട 2,910/- (രണ്ടായിരത്തി തൊള്ളായിരത്തി പത്ത് രൂപ മാത്രം) രൂപയ്ക്ക് വ്യക്തമായ മറുപടി പറയാൻ കഴിയാത്തതിനാൽ ഈ പണം അനധികൃതമായി ടിയാന് ലഭിച്ചതാണെന്ന് സംശയം വന്നതിന്റെ അടിസ്ഥാനത്തിൽ ആയത് ബന്തവസ്സിലെടുത്ത് ടിയാന് രസീത് നൽകിയിട്ടുണ്ട്.*

*ii. ശ്രീ. ഗിബ്സൺ ലൂയിസ് (ക്ലർക്ക്)-ന്റെ കൈവശമുള്ള പേഴ്സിൽ 3,491/- (മൂവായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഒന്ന്) രൂപ കാണപ്പെട്ടു. എന്നാൽ 2,421/- രൂപയാണ് രജിസ്റ്ററിൽ ഡിക്ലയർ ചെയ്തിരിക്കുന്നത്. അധികമായി ടിയാന്റെ പക്കൽ കാണപ്പെട്ട 1,070/- (ആയിരത്തി എഴുപത്)*

രൂപയ്ക്ക് വ്യക്തമായ മറുപടി പറയാൻ കഴിയാത്തതിനാൽ ഈ പണം അനധികൃതമായി ടിയാന് ലഭിച്ചതാണെന്ന് സംശയം വന്നതിന്റെ അടിസ്ഥാനത്തിൽ ആയത് ബന്തവസ്സിലെടുത്ത് ടിയാന് രസീത് നൽകി.

2) വിജിലൻസ് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മേൽ ക്രമക്കേടുകൾക്കുത്തരവാദികളായ ഹെഡ് ക്ലർക്ക് ശ്രീ. പ്രശാന്ത് ആർ., ക്ലർക്ക് ശ്രീ. ഗിബ്സൺ ലൂയിസ് എന്നിവർക്കെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നൽകുകയും ചെയ്യുകയുണ്ടായി. ആയതിന് ടിയാൾക്കാർ സമർപ്പിച്ച വിശദീകരണം പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുണ്ടായി.

3) ക്യാഷ് പോപ്പർട്ടി രജിസ്റ്ററിൽ നിന്നും വ്യത്യസ്തമായി 1070/- രൂപ അധികം വന്നത്, 1000/- രൂപ തലേ ദിവസം ടിയാൻ ശ്രീമതി സീത എന്നവർക്ക് വായ്പയായി നൽകിയിരുന്നതും ടി തുക 15/12/2022-ന് ഉച്ചയ്ക്ക് ശേഷം ടിയാരി തിരികെ നൽകിയിട്ടുള്ളതുമാണെന്നും, അധികമായുണ്ടായിരുന്ന 70/- രൂപ അടുത്തുള്ള ഒരു ഹോട്ടലിൽ നിന്ന് തലേ ദിവസം ഭക്ഷണം കഴിച്ചതുമായി ബന്ധപ്പെട്ട് 200/-രൂപ നൽകിയതിൽ ടി കടയിൽ തിരക്കും, ചില്ലറയില്ലാത്തതിനാലും, അടുത്ത ദിവസത്തെ ഭക്ഷണതുകയും കൂടി കൂട്ടി 200/- രൂപയിൽ ബാക്കി 70 /-രൂപയും ചേർത്ത് 1070/- രൂപ ടി ദിവസം ടിയാന്റെ കൈവശം അധികമായി കാണപ്പെട്ടിട്ടുള്ളതെന്നും ടി തുക ഉച്ചയ്ക്ക് ശേഷമായതിനാൽ ക്യാഷ് പ്രോപ്പർട്ടി രജിസ്റ്ററിൽ വെട്ടി തിരുത്തി എഴുതുന്നത് ഉചിതമല്ലാത്തതിനാൽ കൈവശം തന്നെ സൂക്ഷിച്ചതാണെന്ന് ക്ലർക്ക് ശ്രീ.ഗിബ്സൺ ലൂയിസ് ബോധിപ്പിക്കുകയുണ്ടായി.

4) പേഴ്സിൽ സൂക്ഷിച്ചിരുന്നത് അന്നേ ദിവസം ക്യാഷ് പ്രോപ്പർട്ടി രജിസ്റ്ററിൽ ഡിക്ലയർ ചെയ്തിട്ടുള്ള 2670/- രൂപയും കണ്ണട നന്നാക്കുന്നതിനായി ലെൻസ് ആന്റ് വിഷൻ ഒപ്റ്റിക്സ് എന്ന സ്ഥാപനത്തിന് 12/12/2022-ന് നൽകാനുണ്ടായിരുന്ന 2910/- രൂപയുമായിരുന്നുവെന്നും, ലെൻസ് ആന്റ് വിഷൻ എന്ന സ്ഥാപനം 12/12/2022-ലെ ഓർഡർ പ്രകാരം കണ്ണട നന്നാക്കി 15/12/2023-ന് രാവിലെ ഓഫീസിൽ എത്തിക്കാമെന്നു പറഞ്ഞിരുന്നതാണെന്നും, പണം നൽകി രാവിലെ തന്നെ കണ്ണട കൈപ്പറ്റാമെന്ന ധാരണയിലാണ് ടി തുക ഡിക്ലയർ ചെയ്യാതെ പേഴ്സിൽ സൂക്ഷിച്ചതെന്നും, ഉച്ചയ്ക്ക് നേരിട്ട് ബന്ധപ്പെട്ടപ്പോൾ കണ്ണട അടുത്ത ദിവസം തരാമെന്ന് അറിയിച്ചതിനാൽ ടി തുക പേഴ്സിൽ തന്നെ സൂക്ഷിച്ചുവെന്നും, ടി തുകയാണ് അധികമായി കണ്ടെടുത്തതായി റിപ്പോർട്ടിൽ ചേർത്തിട്ടുള്ളതെന്ന് ഹെഡ് ക്ലർക്ക് ശ്രീ. പ്രശാന്ത് ആർ. ബോധിപ്പിക്കുകയുണ്ടായി. 15/12/2023-ന് രാവിലെ ഓഫീസിൽ എത്തിക്കാമെന്നു പറഞ്ഞിരുന്നതിനാൽ, അന്നേ ദിവസം ഡിക്ലയർ ചെയ്ത തുകയിൽ 2910/- രൂപ വ്യത്യാസം വരാതിരിക്കാനാണ്, ടി തുക ഡിക്ലയർ ചെയ്ത തുക കൂടാതെ കൈയ്യിൽ സൂക്ഷിച്ചിരുന്നതെന്ന് ഹെഡ് ക്ലർക്ക് ശ്രീ. പ്രശാന്ത് ആർ. ബോധിപ്പിക്കുകയുണ്ടായി.

5) അഴിമതിക്ക് തടയിടുകയെന്ന ലക്ഷ്യത്തോടെയാണ് ക്യാഷ് & പ്രോപ്പർട്ടി ഡിക്ലറേഷൻ രജിസ്റ്റർ ഓഫീസുകളിൽ പരിപാലിക്കുന്നതെന്നും, ഓഫീസിലെത്തുന്ന സമയം ജീവനക്കാർ കൈവശമുള്ള മുഴുവൻ തുകയുടെയും വിലപിടിപ്പുള്ള സാധനങ്ങളുടെയും വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ടെന്നും, ടി നിർദേശം പാലിക്കാതെ, 2670/- രൂപ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും 2910/- രൂപ രേഖപ്പെടുത്താതെ കൈവശം സൂക്ഷിക്കുകയും ചെയ്തുവെന്ന ഹെഡ് ക്ലർക്ക് ശ്രീ. പ്രശാന്ത് ആർ.-ന്റെ വിശദീകരണവും, രജിസ്റ്ററിൽ ഡിക്ലയർ

ചെയ്തിരുന്നതിനേക്കാൾ അധികമായി 1070/- രൂപ പരിശോധനാ സമയം കൈവശം കാണപ്പെട്ടത് സംബന്ധിച്ച്, കടം വാങ്ങിയ തുക കക്ഷി അന്നേ ദിവസം ഉച്ചയ്ക്ക് ഓഫീസിലെത്തിയപ്പോൾ തിരികെ നല്കിയതാണെന്ന ക്ലർക്ക് ശ്രീ. ഗിബ്സൺ ലൂയിസിന്റെ വാദവും പൂർണ്ണമായും പരിഗണനാർഹമല്ലെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെടുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതരുടെ വിശദീകരണം പൂർണ്ണമായും പരിഗണനാർഹമല്ലെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും, കൈവശമുള്ള മുഴുവൻ പണവും കൃത്യമായി ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ചേർക്കുന്നതിൽ ടി ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുള്ളതിനാലും, ഹെഡ് ക്ലർക്ക് ശ്രീ.പ്രശാന്ത്.ആർ, ക്ലർക്ക് ശ്രീ.ഗിബ്സൺ ലൂയിസ് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി KCS (CC&A) ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം **"സെൻഷർ"** നൽകി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
ശ്രീ.പ്രശാന്ത്.ആർ, ഹെഡ് ക്ലർക്ക്, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)
ശ്രീ.ഗിബ്സൺ ലൂയിസ്, ക്ലർക്ക്, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
വിജിലൻസ് (എ) വകുപ്പ് (വിജി/എ2/141/2023-വിജി പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Praneesh M P
Date: 10-06-2024 14:58:18
സെക്ഷൻ ഓഫീസർ